"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം - ഇടുക്കി ജില്ല - സെന്റ്. മേരീസ് ഹയർ സെക്കന്ററി സ്ക്കൂളിലെ എച്ച്. എസ്. എസ്. റ്റി (ഇംഗ്ലീഷ്) ശ്രീമതി. ശില്പ ജോയി, ബഹു.ഹൈക്കോടതിയിൽ ഫയൽ ചെയ്തിട്ടുള്ള റിട്ട് ഹർജി (സി) നം. 20739/2024 നമ്പർ കേസ്സിന്മേലുള്ള 11/06/2024 ലെ വിധിന്യായം പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എൽ) വകുപ്പ്**

സ.ഉ.(സാധാ) നം.2272/2025/GEDN തീയതി,തിരുവനന്തപുരം, 27-03-2025

---

പരാമർശം:-

1. സ. ഉ (സാധാ) നം. 4870/2018/GEDN തിയതി. 22/11/2018 (എക്സിബിറ്റ് പി 14)
2. സ. ഉ (സാധാ) നം. 4743/2019/GEDN തിയതി. 8/11/2019 (എക്സിബിറ്റ് പി 11)
3. സ ഉ (സാധാ) നം. 6981/2022/GEDN തിയതി. 18/11/2022 (എക്സിബിറ്റ് പി 15)
4. Judgment in WP(C) 26305/2020 dated 14/8/2023 (എക്സിബിറ്റ് പി 16)
5. സ. ഉ (സാധാ) നം. 7963/2023/GEDN തിയതി. 14/12/2023 (എക്സിബിറ്റ് പി 17)
6. ഇടുക്കി ജില്ലയിലെ സെന്റ്. മേരീസ് ഹയർ സെക്കന്ററി സ്ക്കൂളിലെ എച്ച്. എസ്. എസ്. റ്റി (ഇംഗ്ലീഷ്) ശ്രീമതി. ശില്പ ജോയി സമർപ്പിച്ച 27/5/2019 ലെ എക്സിബിറ്റ് പി 10 റിവിഷൻ പെറ്റീഷൻ.
7. ഇടുക്കി ജില്ലയിലെ സെന്റ്. മേരീസ് ഹയർ സെക്കന്ററി സ്ക്കൂളിലെ എച്ച്. എസ്. എസ്. റ്റി (ഇംഗ്ലീഷ്) ശ്രീമതി. ശില്പ ജോയി, ബഹു.ഹൈക്കോടതിയിൽ ഫയൽ ചെയ്തിട്ടുള്ള റിട്ട് ഹർജി (സി) നം. 20739/2024 നമ്പർ കേസ്സിന്മേലുള്ള 11/06/2024 ലെ വിധിന്യായം.
8. ഇടുക്കി ജില്ലയിലെ സെന്റ്. മേരീസ് ഹയർ സെക്കന്ററി സ്ക്കൂളിലെ എച്ച്. എസ്. എസ്. റ്റി (ഇംഗ്ലീഷ്) ശ്രീമതി. ശില്പ ജോയി സമർപ്പിച്ച 15/8/2024 ലെ അപേക്ഷ.

9. ഹയർ സെക്കന്ററി വിഭാഗം കോട്ടയം മേഖലാ ഉപമേധാവിയുടെ 30/08/2024 ലെ RDDHSE/KTM/609/2024-A3 നമ്പർ കത്ത്

10. ഹയർ സെക്കന്ററി വിഭാഗം കോട്ടയം മേഖലാ ഉപമേധാവിയുടെ 2/12/2024 ലെ RDDHSE/KTM/2002/2024-A3 നമ്പർ കത്ത്

## ഉത്തരവ്

ഇടുക്കി ജില്ലയിലെ സെന്റ്. മേരീസ് ഹയർ സെക്കന്ററി സ്ക്കൂളിലെ എച്ച്. എസ്. എസ്. റ്റി ജൂനിയർ (ഇംഗ്ലീഷ്) അധ്യാപിക ശ്രീമതി. ശില്പ ജോയി-യുടെ നിയമനാംഗീകാരം ആവശ്യപ്പെട്ടു കൊണ്ട് ടിയാരി ബഹു.ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത റിട്ട് ഹർജി (സി) നം. 20739/2024 നമ്പർ കേസ്സിൽ ബഹു.ഹൈക്കോടതി പുറപ്പെടുവിച്ച 11/06/2024 ലെ വിധിന്യായത്തിൽ പരാമർശം (5) സർക്കാർ ഉത്തരവ് (എക്സിബിറ്റ് പി -17) റദ്ദ് ചെയ്തുകൊണ്ടും, പരാമർശം (3) സർക്കാർ ഉത്തരവ് (എക്സിബിറ്റ് പി 15) പരിശോധിച്ചശേഷം പെറ്റീഷണർക്കും 3-ാം എതിർകക്ഷികൾക്കും ഹിയറിംഗിനുള്ള അവസരം നൽകി, പുതുക്കിയ ഉത്തരവ് പുറപ്പെടുവിക്കുന്നതിനുള്ള നിർദ്ദേശം ലഭിച്ചിരുന്നു. പ്രസ്തുത നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പെറ്റീഷണർ, മാനേജരുടെ പ്രതിനിധി, ഉദ്യോഗസ്ഥരുടെ പ്രതിനിധികൾ എന്നിവരെ 21/08/2024 ന് ഓൺലൈൻ ഹിയറിംഗ് (ഗൂഗിൾ മീറ്റ്) മുഖേന കേൾക്കുകയുണ്ടായി.

(2) പെറ്റീഷണർ സർക്കാർ മുമ്പാകെ സമർപ്പിച്ചിരുന്ന റിവിഷൻ പെറ്റീഷന്റെയും പെറ്റീഷണറും മാനേജരും ഹിയറിംഗ് വേളയിൽ ഉന്നയിച്ച വാദഗതികളുടേയും സംഗ്രഹം ചുവടെ ചേർക്കുന്നു.

<u>1) ഹർജിക്കാരിയുടെ വാദം.</u>

മേരികുളം സെന്റ്. മേരീസ് ഹൈസ്ക്കൂൾ 24-11-14-ൽ ഹയർ സെക്കൻഡറി സ്ക്കൂളായി ഉയർത്തുകയുണ്ടായി. ഞാൻ 01-06-15 മുതൽ ഈ സ്ക്കൂളിൽ ഇംഗ്ലീഷ് ഗസ്റ്റ് അധ്യാപികയായി ജോലി ചെയ്തു വരുന്നു.

1. തുടർന്ന് 2017-18-ലെ പരാമർശം 2 തസ്തിക നിർണയ ഉത്തരവ് പ്രകാരം ഇംഗ്ലീഷ് ജൂനിയർ റെഗുലർ തസ്തിക (14 പീരിയഡ്) അനുവദിച്ചു. കൂടാതെ പരാമർശം 3 പ്രകാരം ടി തസ്തികയിൽ സെലക്ഷൻ കമ്മിറ്റി കൂടുന്നതിനായി സർക്കാർ പ്രതിനിധിയെ നിയമിക്കുകയുണ്ടായി. അന്ന് നിലവിലിരുന്ന നിയമനങ്ങളുടെ അടിസ്ഥാനത്തിൽ തന്നെയാണ് സർക്കാർ പ്രതിനിധിയെ നിയമിച്ചിട്ടുള്ളത്.

2. പിന്നീട് 23-05-18-നു നടത്തിയ ഇന്റർവ്യൂവിന്റെ അടിസ്ഥാനത്തിൽ സെലക്ഷൻ കമ്മിറ്റിയുടെ ശുപാർശ പ്രകാരം മാനേജർ എന്നെ എച്ച്.എസ്.ടി (ജൂനിയർ) ഇംഗ്ലീഷ് തസ്തികയിൽ 01-06-18 മുതൽ റെഗുലർ

ആയി നിയമിച്ചു.

3. ഉടനെ തന്നെ നിയമന അംഗീകാരത്തിനായി കോട്ടയം ആർ.ഡി.ഡി യിലേക്ക് അപേക്ഷ സമർപ്പിച്ചു. എന്നാൽ കോട്ടയം ആർ.ഡി.ഡി യിൽ ഈ ഫയൽ എടുക്കുന്നതിൽ കാലതാമസം നേരിടുകയും തന്മൂലം 22-11-18-ൽ ഇറങ്ങിയ പരാമർശം ഉപയോഗിച്ചുകൊണ്ട് പരാമർശം 5 പ്രകാരം ആർ.ഡി.ഡി ഈ അപേക്ഷ 15-05-19-ൽ നിരസിച്ചു.

4. 22-11-18-ൽ ഇറങ്ങിയ പരാമർശം 4 സർക്കാർ ഉത്തരവിലാണ് 2002-ലെ മാനദണ്ഡപ്രകാരം നിയമനാംഗീകാരം കിട്ടിയ ഇംഗ്ലീഷ് (ജൂനിയർ) അധ്യാപകർ സൂപ്പർ ന്യൂമററി ആയി മാറുന്നത്. മാത്രവുമല്ല പ്രസ്തുത സർക്കാർ ഉത്തരവിൽ തസ്തിക നിർണ്ണയം നടത്താൻ 22-11-18 മുതൽ മൂന്നു മാസം സമയവും അനുവദിച്ചിരുന്നു. ആയിതനാൽ എന്നെ നിയമിക്കുന്ന സമയത്തു സൂപ്പർ ന്യൂമററി തസ്തികകൾ നിലവിലില്ല. അതിനാലാണ് പരാമർശം 3 പ്രകാരം ടി തസ്തികയിൽ സെലക്ഷൻ കമ്മിറ്റി കൂടുന്നതിനായി സർക്കാർ പ്രതിനിധിയെ നിയമിച്ചത്.

5. ഇതേ കാലയളവിൽ സമാന സാഹചര്യത്തിലുള്ളവർക്കു കോട്ടയം ആർ.ഡി.ഡി നിയമനാംഗീകാരം നൽകിയിട്ടുണ്ട്. ഉദാഹരണത്തിന് ഇടുക്കി കോർപ്പറേറ്റിന്റെ കീഴിൽ വരുന്ന മാങ്കുളം സെന്റ്. മേരീസ് ഹയർ സെക്കണ്ടറി സ്ക്കൂളിൽ 08-06-17-നു ശേഷം പുതുതായി സൃഷ്ടിക്കപ്പെട്ട എച്ച്.എസ്.എസ്.ടി (ജൂനിയർ) ഇംഗ്ലീഷ് തസ്തികയിലേക്ക് 24-01-18 മുതൽ തസ്തിക മാറ്റം വഴി നടത്തിയ നിയമനം പരാമർശം 1 2 പ്രകാരം അംഗീകരിച്ചിട്ടുണ്ട്. ഈ സമയത്തു ഇടുക്കി കോർപ്പേറേറ്റിൽ 7 പീരീയഡിൽ താഴെ നിയമിതരായ മൂന്ന് എച്ച്.എസ്.എസ്.ടി (ജൂനിയർ) ഇംഗ്ലീഷ് അധ്യാപകർ നിലനിന്നിരുന്നു എന്നതു ശ്രദ്ധിക്കേണ്ടതാണ്.

6. ഇതുപോലെ തന്നെ 08-06-17-നു ശേഷം നിയമനം നടക്കുകയും തുടർന്ന് 22-11-18 നു മുൻപ് കോട്ടയം ആർ.ഡി.ഡി നിയമനാംഗീകാരം നൽകുകയും [ഇവർക്ക് ആറ് പീരിയഡിലുള്ള പോസ്റ്റിലേക്കാണ് 08-06-17-നു ശേഷം നിയമനം നൽകിയിട്ടുള്ളത് എന്നത് നോട്ട് ചെയ്യേണ്ടതാണ്] ചെയ്ത ജൂഡിത്ത് ജോർജ് എന്ന അധ്യാപികക്ക് 22-11-18-ൽ ഇറങ്ങിയ പരാമർശം 4 പ്രകാരം തസ്തിക റദ്ദ് ചെയ്തപ്പോൾ പരാമർശം 7 കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ അവരെ തിരിച്ചെടുത്തു.

7. പരാമർശം 7 സർക്കാർ ഉത്തരവിൽ 22-11-18-ൽ ഇറങ്ങിയ പരാമർശം 4 പ്രകാരമുള്ള സർക്കാർ ഉത്തരവിന് താഴെപ്പറയും വിധത്തിൽ വ്യക്തത വരുത്തുന്നു. “08-06-17-ലെ പുതുക്കിയ മാനദണ്ഡങ്ങൾക്ക് അനുസൃതമായി സംസ്ഥാനത്തെ ഹയർസെക്കന്ററി സ്ക്കൂളുകളിൽ തസ്തിക നിർണ്ണയം പൂർത്തിയാക്കുന്നതിന് ഉപമേധാവിമാർക്ക് 22-11-18 മുതൽ മൂന്നുമാസം വരെ സമയം നൽകപ്പെട്ടിരുന്നു എന്നാണ്. അതായത് പൂർണ്ണമായ നിലയിൽ

ഓരോ സ്ക്കൂളിലും നിലനിൽക്കുന്ന/ നഷ്ടപ്പെടുന്ന തസ്തികകളുടെ ഔദ്യോഗിക പ്രഖ്യാപനം 22-11-18 മുതൽ മൂന്നു മാസത്തിനകം മാത്രമേ ഉണ്ടാകാൻ നിർവാഹമുള്ളൂ. അതുവരെ മുൻവർഷം അനുവദിക്കപ്പെട്ടിരുന്ന തസ്തികകയിൽ ഒഴിവു വരുമ്പോൾ ആയത് മാനേജർ നികത്തുന്നത് തടയാനാകില്ല എന്ന വസ്തുത കൂടി കണക്കിലെടുക്കേണ്ടതാണ്." മാത്രവുമല്ല 22-11-18-ൽ ഇറങ്ങിയ പരാമർശം 4 സർക്കാർ ഉത്തരവിന് മുൻകാല പ്രാബല്യമില്ല എന്നു വ്യക്തമാക്കുന്നു. 2020-21 വർഷങ്ങളിലെ പി.എസ്.സി അഡ്വൈസ് അനുസരിച്ച് സൂപ്പർ ന്യൂമററി തസ്തികയിലേക്ക് നിയമിക്കപ്പെട്ട ഇംഗ്ലീഷ് ജൂനിയർ അദ്ധ്യാപകരെ അവരുടെ തസ്തിക 2023 മാർച്ചിൽ റദ്ദ് ചെയ്തെങ്കിലും പിന്നീട് അവരെ തിരിച്ചെടുത്തിട്ടുണ്ട് എന്നതും ശ്രദ്ധിക്കേണ്ടതാണ്.

8. പരാമർ ശം 8 കോടതി ഉത്തരവിൽ എന്റെ നിയമനാംഗീകാരം പരാമർ ശം 7-ലെ വ്യക്തത പ്രകാരം വീണ്ടും പരിഗണിക്കാൻ നിർദ്ദേശിച്ചു. എന്നാൽ ഇത് പരിഗണിക്കാതെ സർക്കാർ പരാമർശം 13 ഉത്തരവിറക്കി. പിന്നീട് പരാമർശം 13 ഉത്തരവ് റദ്ദ് ചെയ്തു. ഇത് പരിഗണിക്കാൻ കഴിയില്ല എന്ന് വ്യക്തമാക്കിക്കൊണ്ട് പരാമർശം 9 സർക്കാർ ഉത്തരവിറക്കി.

9. എന്നാൽ ഞാൻ വീണ്ടും കോടതിയെ സമീപിച്ചപ്പോൾ പരാമർ ശം 1 0 കോടതി ഉത്തരവിൽ പരാമർശം 7-ലുള്ള പരാമർ ശം 4 സർക്കാർ ഉത്തരവിന്റെ വ്യക്തത പരിഗണിക്കാതിരിക്കുന്നത് ശരിയല്ല എന്നും ആയതിനാൽ പരാമർശം 7 (പരാമർ ശം 4 സർക്കാർ ഉത്തരവിന്റെ വ്യക്തത) പ്രത്യേക റഫറൻസ് ആയി വച്ചു കൊണ്ടു മൂന്നു മാസത്തിനകം എന്റെ നിയമനാംഗീകാരം വിഷയം പുനഃപരിശോധിക്കാൻ ഉത്തരവിട്ടിരിക്കുകയാണ്.

ഈ സാഹചര്യങ്ങളൊക്കെ നിലനിൽക്കുമ്പോൾ തന്നെ സ. ഉ (സാധാ) നം. 4743/19/പൊ.വി.വ നമ്പർ തീയതി 08-11-19 സർക്കാർ ഉത്തരവിൽ അർഹതയുടെ അടിസ്ഥാനത്തിൽ എന്റെ നിയമനാംഗീകാരത്തിനുള്ള പ്രൊപ്പോസൽ സമർപ്പിക്കാൻ ആർ.ഡി.ഡി യോടെ ആവശ്യപ്പെട്ടിരുന്നു. ഇതുമായി ബന്ധപ്പെട്ട് ആർ.ഡി.ഡി യെ സമീപിച്ചപ്പോൾ അടുത്ത ഒഴിവിലേക്കു നിയമിക്കാം എന്നാണ് അവർ നൽകിയ മറുപടി. 01-12-21 മുതൽ സൂപ്പർ ന്യൂമററി പോസ്റ്റുകൾ എല്ലാം അബ്സോർബ് ചെയ്തതിനു ശേഷം ഇവിടെ ഇംഗ്ലീഷിൽ പോസ്റ്റ് ഉണ്ട് എന്ന് മാനേജർ സത്യപ്രസ്താവന ചെയ്തിട്ടുണ്ട്.

01-06-18 മുതലുള്ള നിയമനാംഗീകാരത്തിനു ഞാൻ യോഗ്യയാണ് എങ്കിലും 01-06-18 മുതലുള്ള എന്റെ നിയമനത്തിന് ഒഴിച്ച് കൂടാനാവാത്ത തടസ്സങ്ങൾ നിലനിൽക്കുന്നു എന്ന് താങ്കൾക്ക് തോന്നുന്ന പക്ഷം 01-12-21 ലുണ്ടായ ഒഴിവിലേക്ക് എങ്കിലും അർഹതയുടെ അടിസ്ഥാനത്തിൽ [ഗവൺമെന്റ് നോമിനിയുടെ സാന്നിദ്ധ്യത്തിൽ സെലക്ഷൻ കമ്മിറ്റി കൂടി നടത്തിയ

നിയമനമായതിനാൽ മറ്റൊരു സെലക്ഷൻ കമ്മിറ്റി കൂടാതെ തന്നെ പരാമർശം സ. ഉ (സാധാ) നം. 4743/19/പൊ.വി.വ നമ്പർ തീയതി 08-11-19 പ്രകാരം എന്നെ മാറ്റി നിയമിക്കണമെന്ന് അപേക്ഷിക്കുന്നു.

**2) മാനേജരുടെ വാദം.**

മേരികുളം സെന്റ്. മേരീസ് ഹയർ സെക്കന്ററി സ്ക്കൂളിൽ 01-06-18 മുതൽ എച്ച്.എസ്.എസ്.റ്റി ജൂനിയർ ഇംഗ്ലീഷ് തസ്തികയിൽ തുടർച്ചയായി നേരിട്ടു നിയമിക്കപ്പെട്ട ശ്രീമതി. ശില്പ ജോയ്-യുടെ നിയമനാംഗീകാരം സംബന്ധിച്ച് ചുവടെ ചേർക്കുന്ന വസ്തുതകൾ ഇതിനാൽ ബോധിപ്പിക്കുന്നു.

1. 2014-15 മുതൽ ശ്രീമതി. ശില്പ ജോയ് ഈ സ്ക്കൂളിൽ എച്ച്.എസ്.എസ്.റ്റി ജൂനിയർ ഇംഗ്ലീഷ് തസ്തികയിൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്തിരുന്നു.

2. 2017-18-ൽ എച്ച്.എസ്.എസ്.റ്റി ജൂനിയർ ഇംഗ്ലീഷ് തസ്തിക റെഗുലർ ആയി അനുവദിക്കപ്പെട്ടു.

3. 01-06-18 മുതൽ ശ്രീമതി. ശില്പ ജോയ്-യെ എച്ച്.എസ്.എസ്.റ്റി ഇംഗ്ലീഷ് ആയി റഗുലർ ഒഴിവിൽ തുടർച്ചയായി നിയമിച്ചു.

4. നിയമനാംഗീകാരം കോട്ടയം മേഖലാ ഉപമേധാവി നിരസിച്ചു.

5. 08-06-17 ലെ സ. ഉ (കൈ) നം. 47/17/പൊ.വി.വ നമ്പർ ഉത്തരവ്, 22-11-18-ലെ സ. ഉ (സാധാ) നം. 4870/18/പൊ.വി.വ നമ്പർ ഉത്തരവ് എന്നിവയാണ് നിയമനാംഗീകാരം നിരസിച്ചതിന് ആധാരമായി ചൂണ്ടിക്കാണിച്ചിട്ടുള്ളത്.

6. 08-08-17 തീയതിയിലെ 47/17 നമ്പർ ഉത്തരവിൽ സൂപ്പർ ന്യൂമററി തസ്തികകളെ സംബന്ധിച്ചോ അത്തരക്കാരുടെ റഗുലറൈസേഷൻ സംബന്ധിച്ചോ പരാമർശമില്ല.

7. ഹയർസെക്കന്ററി സ്ക്കൂളുകളിൽ മൂന്ന് അധിക പീരിയഡുകൾക്ക് ഒരു ജൂനിയർ തസ്തിക എന്ന മാനദണ്ഡം യുക്തിസഹമല്ല എന്നതിന്റെ അടിസ്ഥാനത്തിൽ 29-11-02-ലെ 398/02 നമ്പർ ഉത്തരവ് 08-06-17-ലെ 47/17 നമ്പർ ഉത്തരവിലൂടെ ഭേദഗതി ചെയ്തത് സംബന്ധിച്ച് 1762236/റ്റി1/17/പൊ.വി.വ നമ്പർ സർക്കുലർ പുറപ്പെടുവിക്കുന്നത് 01-06-18 തീയതിയിലാണ്.

8. തസ്തിക നിർണ്ണയം, സൂപ്പർ ന്യൂമററി തസ്തികകളുടെ നിർണയം അവരുടെ റഗുലറൈസേഷൻ മുതലായ കാര്യങ്ങൾക്ക് വ്യക്തത വരുത്തിക്കൊണ്ട് 4870/18 പ്രകാരം സർക്കാർ ഉത്തരവുണ്ടാകുന്നത് 27-11-18 തീയതിയിലാണ്. ഇതിന് മുൻകാല പ്രാബല്യം നൽകിയിട്ടില്ലെന്ന് സർക്കാർ തന്നെ വ്യക്തമാക്കിയിട്ടുണ്ട്. (സ. ഉ(സാധാ) നം. 6981/22/പൊ.വി.വ തീയതി 18-11-22).

9. 22-11-18-ലെ സ. ഉ (സാധാ) നം. 4870/18/പൊ.വി.വ (ഇ) പാർട്ടിൽ നിന്നും മനസ്സിലാക്കാൻ കഴിയുന്നത് 08-06-17-ലെ പുതുക്കിയ മാനദണ്ഡങ്ങൾക്ക് അനുസൃതമായി സംസ്ഥാനത്തെ ഹയർ സെക്കണ്ടറി സ്ക്കൂളുകളിൽ തസ്തിക നിർണ്ണയം പൂർത്തിയാക്കുന്നതിന് ഉപമേധാവിമാർക്ക് 22-11-18 മുതൽ 3 മാസം സമയം നൽകപ്പെട്ടിരുന്നു എന്നാണ്. അതായത് പൂർണമായ നിലയിൽ ഓരോ സ്ക്കൂളിലും നിലനിൽക്കുന്ന/നഷ്ടപ്പെടുന്ന തസ്തികകളുടെ ഔദ്യോഗിക പ്രഖ്യാപനം 22-11-18 മുതൽ മൂന്നു മാസത്തിനകം മാത്രമേ ഉണ്ടാകാൻ നിർവ്വാഹമുള്ളൂ. (ഉത്തരവ് നമ്പർ 6981/22 തീയതി 18-11-22 ഖണ്ഡിക 7)

തസ്തിക നിർണ്ണയം, സൂപ്പർന്യൂമററി അധ്യാപകരുടെ നിർണയം, പുനർവിന്യാസം, തുടങ്ങിയ കാര്യങ്ങൾ സംബന്ധിച്ച് സ്പഷ്ടീകരണ ഉത്തരവുണ്ടാകുന്നത് 22-11-18-ലെ 4876/18 പ്രകാരമാണെന്നതും നിലനിൽക്കുന്ന/നഷ്ടപ്പെടുന്ന തസ്തികകൾ സംബന്ധിച്ചുള്ള അന്തിമ പ്രഖ്യാപനത്തിന് 21-02-19 വരെ സമയം അനുവദിക്കപ്പെട്ടിരുന്നു എന്നതും ശ്രീമതി. ശില്പ ജോയ്-യുടെ നിയമനം 01-06-18 തീയതിയിലാണെന്നതും കണക്കിലെടുത്ത് ടി അധ്യാപികയുടെ (എച്ച്.എസ്. എസ്.ടി ജൂനിയർ) തസ്തികയിലെ നിയമനം അംഗീകരിക്കുന്നത് നടപടികൾ സ്വീകരിക്കണമെന്ന് അപേക്ഷിക്കുന്നു.

(3) കോട്ടയം ആർ ഡി ഡി യുടെ റിപ്പോർട്ട്.

ഇടുക്കി ജില്ലയിലെ മേരികുളം സെന്റ്. മേരീസ് ഹയർ സെക്കൻഡറി സ്ക്കൂളിലെ എച്ച്.എസ്.എസ്.റ്റി ജൂനിയർ ഇംഗ്ലീഷ് ആയി നിയമിതയായ ശ്രീമതി. ശിൽപ്പ ജോയ്-യുടെ റിവിഷൻ പെറ്റീഷൻ പരിശോധിച്ചു. 24-11-14 മുതൽ മേരികുളം സെന്റ് മേരീസ് ഹൈസ്ക്കൂളിനെ ഹയർ സെക്കൻഡറി സ്ക്കൂളായി ഉയർത്തിയിരുന്നു. തുടർന്ന് ടി സ്ക്കൂളിൽ എച്ച്.എസ്.എസ്.ടി ജൂനിയർ തസ്തിക സൃഷ്ടിക്കപ്പെടുകയും ആയതിന്റെ അടിസ്ഥാനത്തിൽ അധ്യാപകരെ നിയമിക്കുന്നതിനായി ഗവൺമെന്റ് നോമിനിയെ നിശ്ചയിച്ച് സർക്കാർ ഉത്തരവായിരുന്നു. ടി ഇന്റർവ്യൂ പ്രകാരം ശ്രീമതി. ശിൽപ ജോയിക്ക് 01-06-18 മുതൽ എച്ച്.എസ്.എസ്.റ്റി ജൂനിയർ ഇംഗ്ലീഷ് ആയി റെഗുലർ നിയമനം നൽകിയിരുന്നു.

മൂന്നോ അതിലധികമോ പീരിയഡുകൾക്ക് ഒരു ജൂനിയർ എന്ന മാനദണ്ഡം നിർത്തലാക്കുകയും ഏഴോ അതിലധികമോ പീരയഡുകൾക്ക് ഒരു ജൂനിയർ സൃഷ്ടിക്കാവുന്നതാണെന്ന് സർക്കാർ ഉത്തരവായിരുന്നു. ഈ ഉത്തരവ് നിലവിൽ വരുന്നത് 08-06-17 തീയതിയിലാണ്. പരാതിക്കാരിക്ക് നിയമനം നൽകുന്നത് 01-06-18 മുതലാണ്. ഈ വിഷയം എയ്ഡഡ് മേഖലയിൽ എപ്രകാരം പ്രാവർത്തികമാക്കണം എന്നും ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. 08-06-17-നു ശേഷം തസ്തിക നിർണ്ണയം നടത്തുമ്പോൾ സർക്കാർ ഉത്തരവിൽ നിഷ്കർഷിച്ചിരിക്കുന്നതിന്റെ അടിസ്ഥാനത്തിൽ നടത്തണമെന്നും ഇത്തരത്തിൽ തസ്തിക നിർണ്ണയം നടത്തുമ്പോൾ തസ്തിക ഇല്ലാതാകുന്നത്, നിലവിൽ ജോലി

ചെയ്യുന്ന അധ്യാപകർക്ക് അവർ വിരമിക്കുന്നത് വരെയോ അതേ ജോലി ചെയ്യുന്ന അധ്യാപകർക്ക് അവർ വിരമിക്കുന്നത് വരെയോ അതേ മാനേജ്മെന്റിൽ ഈ പുതിയ തസ്തിക നിലവിൽ വരുമ്പോൾ മാറ്റി നിയമിക്കപ്പെടുന്നത് വരെയോ ഏതാണ് ആദ്യം അതുവരെ സൂപ്പർ ന്യൂമററിയായി തുടരാവുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്.

ശ്രീമതി. ശിൽപ്പ ജോയിയുടെ നിയമന അംഗീകാര അപേക്ഷ കോട്ടയം ആർ ഡി ഡി നിരസിച്ച് ഉത്തരവായിരുന്നു. കാഞ്ഞിരപ്പള്ളി രൂപതാ കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസിയുടെ കീഴിൽ അന്ന് ജോലി ചെയ്തിരുന്ന രണ്ട് സൂപ്പർ ന്യൂമററി ജൂനിയർ ഇംഗ്ലീഷ് അധ്യാപകരിൽ സീനിയർ ആയ ആളിനെ പുതുതായി സൃഷ്ടിക്കപ്പെട്ട എച്ച്.എസ്.എസ്.ടി ജൂനിയർ ഇംഗ്ലീഷ് തസ്തികയിൽ നിയമിക്കേണ്ടതായിരുന്നു. എന്നാൽ മാനേജർ ടി തസ്തികയിലേക്ക് ഡയറക്ടായി ശ്രീമതി. ശില്പ ജോയിയെ നിയമിച്ച സാഹചര്യത്തിലാണ് ടി നിയമന അംഗീകാര അപേക്ഷ ആർ ഡി ഡി നിരസിച്ച് ഉത്തരവായത്.

ഈ ഉത്തരവിനെതിരെ ശ്രീമതി. ശില്പ ജോയ് ബഹു. ഹൈക്കോടതിയിൽ റിട്ട് പെറ്റീഷൻ സമർപ്പിക്കുകയും കോട്ടയം ആർ.ഡി.ഡി യുടെ നടപടി ശരിവച്ചുകൊണ്ട് ടിയാളുടെ നിയമന അംഗീകാരം പുനഃപരിശോധിക്കാൻ നിർദ്ദേശം നൽകിക്കൊണ്ടും ആയതിലെ വിധിന്യായം തീർപ്പാക്കി സർക്കാർ ഉത്തരവായിരുന്നു. തുടർന്ന് 06-06-19-ൽ ടി സ്ക്കൂൾ അപ്ഗ്രേഡ് ചെയ്യപ്പെടുകയും ജൂനിയർ ഇംഗ്ലീഷ്, എച്ച്.എസ്.എസ്.ടി ഇംഗ്ലീഷ് തസ്തികയായി മാറുകയും ചെയ്തു. ഈ അവസരത്തിൽ കാഞ്ഞിരപ്പള്ളി രൂപത കോർപ്പറേറ്റീവ് മാനേജർ ശ്രീമതി. ശിൽപ ജോയിയെ മേരികുളം സെന്റ്. മേരീസ് ഹയർ സെക്കൻഡറി സ്ക്കൂളിൽ തന്നെ എച്ച്.എസ്.എസ്.റ്റി ഇംഗ്ലീഷ് തസ്തികയിലേക്ക് നിയമിക്കുകയും നിയമനാംഗീകാരത്തിനായി ആർ ഡി ഡി ക്ക് പ്രൊപ്പോസൽ സമർപ്പിക്കുകയും ചെയ്തിരുന്നു. എന്നാൽ ആയത് നിരസിച്ച് ഉത്തരവായിരുന്നു.

ശ്രീമതി. ശില്പ ജോയ് ഹൈക്കോടതിയിൽ ഫയൽ ചെയ്ത 26805/20 നമ്പർ റിട്ട് ഹർജിയിലെ വിധിന്യായം പാലിച്ച് 14-12-23 തീയതിയിൽ സ. ഉ (സാധാ) നം. 796/23 ആയി ടിയാളുടെ ജൂനിയർ ഇംഗ്ലീഷ് നിയമനാംഗീകാരം നിരസിച്ച് സർക്കാർ ഉത്തരവ് ആയിട്ടുള്ളതാണ്. ടിയാളുടെ 20739/24 നമ്പർ റിട്ട് ഹർജിയിലെ വിധിന്യായം നടപ്പാക്കുന്നതിന്, സർക്കാർ കത്തിൽ ടി മാനേജ്മെന്റിൽ 2021 കാലഘട്ടത്തിൽ എച്ച്.എസ്.എസ്.റ്റി ഇംഗ്ലീഷ് തസ്തികയിൽ മറ്റാർക്കെങ്കിലും നിയമനം നൽകിയിട്ടുണ്ടോ എന്നും ഒഴിവ് നിലനിൽക്കുന്നുണ്ടോ എന്നും വ്യക്തമായി നിർദ്ദേശം നൽകണമെന്ന് അറിയിച്ചിരുന്നു. ആയത് പ്രകാരം മാനേജർ നൽകിയ വിവരങ്ങളുടെ അടിസ്ഥാനത്തിലും ടി സ്ക്കൂളിലെ ഹാജർ ബുക്ക് മുതലായവയുടെ അടിസ്ഥാനത്തിലും പരിശോധിച്ചതായും 2021 വർഷത്തിൽ കാഞ്ഞിരപ്പള്ളി രൂപതാ കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസിയുടെ കീഴിൽ എച്ച്.എസ്.എസ്.റ്റി ഇംഗ്ലീഷ് തസ്തികയിൽ 3 ഒഴിവുകൾ ഉണ്ടായിരുന്നു എന്ന് മാനേജർ അറിയിച്ചിരിക്കുന്നു.

ഒന്നാമത്തേത് 06-06-19 തീയതിയിൽ സെന്റ്. മേരീസ് ഹയർ സെക്കൻഡറി സ്ക്കൂൾ മേരികുളത്ത് തസ്തിക അപ്ഗ്രേഡ് ചെയ്തപ്പോൾ ഉണ്ടായതാണ്. രണ്ടാമത്തേത് സെന്റ്. തോമസ് ഹയർ സെക്കൻഡറി സ്ക്കൂൾ എരുമേലിയിലെ ശ്രീമതി. ഇന്ദു ജോർജ് 30-04-21 തീയതിയിൽ ഇൻവാലിഡ് പെൻഷൻ ആയപ്പോൾ ഉണ്ടായതാണ്. മൂന്നാമത്തേത് സെന്റ്. ഫിലോമിനാസ് ഹയർ സെക്കൻഡറി സ്ക്കൂൾ ഉപ്പുതറയിലെ ശ്രീ. ജോസ് ജേക്കബ് 31-05-2 1 തീയതിയിൽ വിരമിച്ച ഒഴിവിൽ ഉണ്ടായതാണ്. സെന്റ് ജോർജസ് ഹയർ സെക്കൻഡറി സ്ക്കൂൾ കട്ടപ്പനയിലെ സൂപ്പർ ന്യൂമററി എച്ച്.എസ്.എസ്.റ്റി ജൂനിയർ ഇംഗ്ലീഷ് ആയ ശ്രീമതി. ആൻ സോഫിയ ജോസഫ്, സെന്റ്. ഫിലോമിനാസ് ഹയർ സെക്കൻഡറി സ്ക്കൂൾ ഉപ്പുതറയിലെ സൂപ്പർ ന്യൂമററി എച്ച്.എസ്.എസ്.റ്റി ജൂനിയർ ഇംഗ്ലീഷായ ശ്രീമതി ഹണി മാത്യൂസ് എന്നിവരെ 01-12-21 തീയതിയിയിൽ സെന്റ്. തോമസ് ഹയർ സെക്കൻഡറി സ്ക്കൂൾ എരുമേലി, സെന്റ്. ഫിലോമിനാസ് ഹയർ സെക്കൻഡറി സ്ക്കൂൾ ഉപ്പുതറ എന്നിവിടങ്ങളിൽ റഗുലറൈസ് ചെയ്തിട്ടുണ്ട്. 3 ഒഴിവുകളിൽ ബാക്കിയുള്ള ഒരു ഒഴിവ് സെന്റ്. മേരീസ് ഹയർ സെക്കൻഡറി സ്ക്കൂൾ മേരികുളത്താണ്. ടി തസ്തിക 1 : 3 അനുപാതം പാലിക്കുമ്പോൾ ബൈട്രാൻസ്ഫറിനായി മാറ്റി വയ്ക്കേണ്ടതാണ്. എന്നാൽ ടി തസ്തിക സംബന്ധിച്ച കേസ് കോടതിയുടെ പരിഗണനയിലായതിനാലും ടി തസ്തിക അപ്ഗ്രേഡ് ചെയ്തത് മുതൽ ശ്രീമതി. ശില്പ ജോയിലെ അവിടെ എച്ച്.എസ്.എസ്.റ്റി ഇംഗ്ലീഷായി നിയമിച്ചതിനാലും ടി തസ്തികയിൽ നിയമനം നടത്തിയിട്ടില്ല എന്നും പകരം എച്ച്.എസ്.എസ്.റ്റി ഹിസ്റ്ററി തസ്തികയിൽ ബൈട്രാൻസ്ഫർ നിയമനം നടത്തിയെന്നും മാനേജർ അറിയിച്ചിരിക്കുന്നു. ആയത് പരിശോധിച്ചതിൽ ശരിയെന്ന് കാണപ്പെട്ടു. സെന്റ്. മേരീസ് ഹയർ സെക്കൻഡറി സ്ക്കൂൾ മേരികുളത്തെ 2021 വർഷത്തെ ഹാജർ പുസ്തകം പരിശോധിച്ചതിൽ ക്രമ നം. 4 ആയി എച്ച്.എസ്.എസ്.റ്റി ഇംഗ്ലീഷ് തസ്തികയിൽ ശ്രീമതി ശില്പ ജോയ് ജോലി ചെയ്തതായി കാണുന്നു. ടി മാനേജ്മെന്റിലെ എച്ച്.എസ്.എ മാരുടെ 01-01-21 അടിസ്ഥാനമാക്കിയുള്ള അംഗീകൃത സീനിയോറിറ്റി ലിസ്റ്റിൽ എച്ച്.എസ്.എസ്.റ്റി ഇംഗ്ലീഷ് തസ്തികയിലേക്ക് യോഗ്യതയുള്ള ആളുകൾ ഉള്ളതായിക്കാണുന്നു. ടിയാളുകളുടെ റിലിംഗ്വിഷ്മെന്റ് ഒന്നും മാനേജർ സമർപ്പിച്ചിട്ടില്ല.

(4) കോർപ്പറേറ്റ് മാനേജർ സമർപ്പിച്ചിട്ടുള്ള അധിക വസ്തുത/സാക്ഷ്യപത്രം.

മേരികുളം സെന്റ് മേരീസ് ഹയർ സെക്കന്ററി സ്കൂളിലെ HSST, ഇംഗ്ലീഷ് തസ്തിക സംബന്ധിച്ച സത്യപ്രസ്താവന ഇടുക്കി ജില്ലയിലെ മേരികളം സെന്റ് മേരീസ് ഹയർ സെക്കണ്ടറി സ്കൂളിൽ 2014-2015 വർഷം മുതൽ 2016-2017 വർഷം വരെ ഇംഗ്ലീഷ് വിഷയത്തിന് ജൂണിയർ തസ്തിക റഗൂലറായി സൃഷ്ടിക്കപ്പെട്ടു) (Order No.B3/6888/RDD/KTM/2017 Dt.17/11/2017). 2014-2015 മുതൽ ദിവസവേതനാടിസ്ഥാനത്തിൽ ശ്രീമതി.ശില്പ ജോയ് ജൂനിയർ ഇംഗ്ലീഷ് അധ്യാപികയായി ജോലി ചെയ്തിരുന്നു. പിന്നീട് റഗൂലർ ജൂനിയർ ഇംഗ്ലീഷ്

അധ്യാപക തസ്തികകയിൽ 01-06-2018 മുതൽ നിയമിക്കപ്പെട്ടു.

2018-2019, 2019-20 വർഷങ്ങളിലെ തസ്തികനിർണയ ഉത്തരവ് പ്രകാരം (B1/6442/2019/RDD/HSE/KTM/Dis Dated 06-01-2020) 06-06-2019 മുതൽ HST Junior English അധ്യാപക തസ്തിക HSST English അധ്യാപക തസ്തികയായി upgrade ചെയ്യപ്പെട്ടു. ഈ തസ്തികകയിൽ നിയമനം നടത്തിയിരുന്നില്ല. ഈ മാനേജ്മെൻ്റിൽ HSST Junior English അധ്യാപക തസ്തികയിൽ രണ്ട് അധ്യാപകൾ supernumerary ആയി നിന്നിരുന്നു. ഇവരിൽ ഒരാളെ ഉപ്പുതറ സെൻ്റ് ഫിലോമിനാസ് ഹയർ സെക്കൻ്ററി സ്കൂളിലും രണ്ടാമത്തെയാളെ എരുമേലി സെന്റ് തോമസ് ഹയർ സെക്കൻ്ററി സ്കൂളിലും 01-12-2021 തീയതിയിൽ HSST English റഗുലർ തസ്തികയിൽ നിയമിച്ചു. 01-12-2021 മുതൽ ഈ മാനേജ്മെൻ്റിലെ ഒരു സ്കൂളിലും HSST (Junior) ഇംഗ്ലീഷ് അധ്യാപകർ സൂപ്പർ ന്യൂമറിയായോ, അല്ലാതെയോ നിലനിക്കുന്നില്ല.

2020-21 വർഷത്തിൽ ഏഴും 2021-22 വർഷത്തിൽ നാലും HSST തസ്തികകളാണ് ഒഴിവ് വന്നത്. രണ്ടു വർഷത്തെ ഒഴിവുകൾ ഒന്നിച്ചു പരിഗണിച്ചു. 11 ഒഴിവുകളിൽ ഏഴ് ഒഴിവുകൾ HSST Junior തസ്തികയിൽ നിന്ന് തസ്തികമാറ്റം മുഖേന നികത്തി, രണ്ടു ഒഴിവുകളിൽ HSST (Junior) English - Supernumerary അധ്യാപകരെ regularise ചെയ്തു. ശേഷിക്കുന്ന രണ്ടു ഒഴിവുകളിൽ ആദ്യത്തേത് HSST History ബൈട്രാൻസ്ഫർ മുഖേന നികത്തി. ഒരെണ്ണം ഡയറക്ടർ നിയമനത്തിനായി മാറ്റിവച്ചിട്ടുണ്ട്. ബൈട്രാൻസ്ഫർ നിയമന രീതിയിൽ നടന്ന നിയമനം 31.3.2020 ൽ കാഞ്ഞിരപ്പള്ളി സെയിൻറ് ഡൊമിനിക്സ് ഹയർ സെക്കൻ്ററി സ്കൂളിൽ നിന്ന് HSST History ശ്രീ ജോസഫ് മാത്യു വിരമിച്ച ഒഴിവിൽ 01.09.2021-ൽ ശ്രീ ജെയിംസ് പി എ (HSST-History,AMHS Kalaketty) യുടേതാണ്. ഈ നിയമനം ഉത്തരവ് നം. A5/1018/2023/RDD/ HSE / Kottayam തീയതി 11/10/2023 അംഗീകരിച്ചിട്ടുള്ളതാണ്.

ഇപ്രകാരം 2020-21, 2021-22 വർഷങ്ങളിൽ ഉണ്ടായ ഒഴിവുകളിലെ HSST നിയനങ്ങളിൽ 1:3 ratio പാലിച്ചിട്ടുണ്ട് എന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു. 01.12.2021 തിയതിയിൽ രണ്ട് HSST (Junior) English supernumerary അദ്ധ്യാപകരെ regularise ചെയ്തു നിയമിച്ചതിനാലും മറ്റവകാശികൾ ഇല്ലാത്തതിനാലും മേരികളം സെന്റ് മേരീസ് ഹയർ സെക്കണ്ടറി സ്കൂളിൽ 06.06.2019 മുതൽ upgradation മൂലം ഉണ്ടായ HSST English ~ ഒഴിവിൽ ശ്രീമതി.ശില്പ ജോയിയെ 01-12-2021 മുതൽ നിയമിക്കുന്നതിന് തടസ്സമൊന്നുമില്ല എന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നതായി അറിയിച്ചു. കോർപ്പറേറ്റ് മാനേജർ സമർപ്പിച്ചിട്ടുള്ള പേജ് 241 ലെ സാക്ഷ്യപത്രം പ്രകാരം മേരികളം സെന്റ് മേരീസ് ഹയർ സെക്കണ്ടറി സ്കൂളിൽ 06.06.2019 മുതൽ അപഗ്രഡേഷന്ൻ മൂലം ഉണ്ടായ എച് എസ് എസ് ടി (ഇംഗ്ലീഷ്) ഒഴിവിൽ ശ്രീമതി.ശില്പ ജോയിയെ 01-12-2021 മുതൽ നിയമിക്കുന്നതിന് തടസ്സമൊന്നുമില്ല എന്ന് പ്രസ്താവന നൽകിയിട്ടുണ്ട്.

(5) മേൽ വിഷയം ഹിയിറിംഗ് സമയത്തെ വാദം, ഹാജരാക്കപ്പെട്ട രേഖകൾ,

നിലവിലുള്ള ചട്ടങ്ങൾ ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ പരിശോധിച്ചു.

**01-06-18** മുതലുള്ള നിയമനാംഗീകാരത്തിനു ഹർജിക്കാരി യോഗ്യയാണ് എങ്കിലും പ്രസ്തുത തിയതി മുതലുള്ള നിയമനത്തിന് ഒഴിച്ച് കൂടാനാവാത്ത തടസ്സങ്ങൾ നിലനിൽക്കുന്നു എന്ന് തോന്നുന്ന പക്ഷം **01-12-21** ലുണ്ടായ ഒഴിവിലേക്ക് എങ്കിലും അർഹതയുടെ അടിസ്ഥാനത്തിൽ, ഗവൺമെന്റ് നോമിനിയുടെ സാന്നിദ്ധ്യത്തിൽ സെലക്ഷൻ കമ്മിറ്റി കൂടി നടത്തിയ നിയമനമായതിനാൽ മറ്റൊരു സെലക്ഷൻ കമ്മിറ്റി കൂടാതെ തന്നെ ഹർജിക്കാരിയുടെ നിയമനം അംഗീകരിച്ചുനൽകണമന്നതാണ് ആവശ്യം. എന്നാൽ , തസ്തിക നിർണ്ണയം, സൂപ്പർന്യൂമററി അധ്യാപകരുടെ നിർണയം, പുനർവിന്യാസം, തുടങ്ങിയ കാര്യങ്ങൾ സംബന്ധിച്ച് സ്പഷ്ടീകരണ ഉത്തരവുണ്ടാകുന്നത് **22-11-18**-ലെ **4870/18**/പൊവിവ പ്രകാരമാണെന്നതും നിലനിൽക്കുന്ന/നഷ്ടപ്പെടുന്ന തസ്തികകൾ സംബന്ധിച്ചുള്ള അന്തിമ പ്രഖ്യാപനത്തിന് **21-02-19** വരെ സമയം അനുവദിക്കപ്പെട്ടിരുന്നു എന്നതും ശ്രീമതി. ശില്പ ജോയ്-യുടെ നിയമനം **01-06-18** തീയതിയിലാണെന്നതും കണക്കിലെടുത്ത് ടി അധ്യാപികയുടെ (എച്ച്.എസ്.എസ്.ടി ജൂനിയർ) തസ്തികയിലെ നിയമനം അംഗീകരിച്ചു നൽകണമെന്നതാണ് മാനേജരുടെ വാദം.

ശ്രീമതി ശിൽപ്പ ജോയിക്ക് **1/6/2016** മുതൽ മേരികുളം സെന്റ് മേരീസ് ഹയർ സെക്കൻഡറി സ്കൂളിലെ എച്ച്.എസ്.എസ്.റ്റി (ജൂനിയർ) ഇംഗ്ലീഷ് തസ്തികയിൽ റെഗുലർ നിയമനം നൽകിയിരുന്നതും ടി തസ്തികയിൽ നിയമനാംഗീകാരമില്ലാതെ തുടർന്നു വരുന്നതുമായ അധ്യാപികയാണ്. കോട്ടയം ആർ ഡി ഡി യുടെ **15/05/2019** ലെ ബി**1/4143/2018**/ആർ.ഡി.ഡി/കെ.റ്റി.എം ഉത്തരവ് പ്രകാരം ടിയാളുടെ നിയമനം നിരസിച്ച് ഉത്തരവായിരുന്നു. ഈ ഉത്തരവിനെതിരെ ശ്രീമതി ശില്പ ജോയ്, ബഹു. ഹൈക്കോടതിയിൽ റിട്ട് പെറ്റീഷൻ സമർപ്പിക്കുകയും **08/11/2019** ലെ സ.ഉ (സാധാ) നം **4743/2019**/പൊ.വി.വ പ്രകാരം കോട്ടയം ആർ.ഡി.ഡി. യുടെ നടപടി ശരിവച്ചുകൊണ്ട് ടിയാളുടെ നിയമന അംഗീകാരം പുന.പരിശോധിക്കാൻ നിർദ്ദേശം നൽകികൊണ്ടും സർക്കാർ ഉത്തരവായി.

തുടർന്ന് **6/6/2019** ൽ ടി സ്കൂൾ അപ്ഗ്രേഡ് ചെയ്യപ്പെടുകയും ജൂനിയർ (ഇംഗ്ലീഷ്) എന്നത് എച്ച് എസ് എസ് ടി (ഇംഗ്ലീഷ്) തസ്തികയായി മാറുകയും ചെയ്തു. ഈ അവസരത്തിൽ കാഞ്ഞിരപ്പള്ളി രൂപത കോപ്പറേറ്റീവ് മാനേജർ ശ്രീമതി ശില്പ ജോയ്-യെ മേരിക്കുളം സെൻ്റ് മേരീസ് ഹയർ സെക്കൻഡറി സ്കൂളിൽ തന്നെ എച്ച്എസ്എസ്.റ്റി ഇംഗ്ലീഷ് തസ്തികയിലേക്ക് നിയമിക്കുകയും നിയമനാംഗീകാരത്തിനായി പ്രൊപ്പോസൽ സമർപ്പിക്കുകയും ചെയ്തു. എന്നാൽ **13/09/2023** തീയതിയിലെ **RDDHSE/KTM/1648/2023-14** നടപടിക്രമ പ്രകാരം കോട്ടയം ആർ ഡി ഡി ആയത് നിരസിച്ചു.

**2021** വർഷത്തിൽ കാഞ്ഞിരപ്പള്ളി രൂപതാ കോർപ്പറേറ്റ് എഡ്യൂക്കേഷണൽ

ഏജൻസിയുടെ കീഴിൽ എച്ച്.എസ്.എസ്.റ്റി (ഇംഗ്ലീഷ്) തസ്തികയിൽ 3 ഒഴിവുകളാണ് ഉണ്ടായിരുന്നത്. അതിൽ ഒന്നാമത്തേത് 6/6/20219-ൽ സെന്റ് മേരീസ് ഹയർ സെക്കൻഡറി സ്കൂൾ മേരികുളത്ത് തസ്തിക അപ്ഗ്രേഡ് ചെയ്തപ്പോൾ ഉണ്ടായതാണ്. രണ്ടാമത്തേത് സെൻ്റ് തോമസ് ഹയർ സെക്കൻഡറി സ്കൂൾ എരുമേലിയിലെ ശ്രീമതി ഇന്ദു ജോർജ് 30/04/2021 തീയതിയിൽ ഇൻവാലിഡ് പെൻഷൻ ആയപ്പോൾ ഉണ്ടായതാണ്. മൂന്നാമത്തേത് സെന്റ് ഫിലോമിനാസ് ഹയർ സെക്കൻഡറി സ്കൂൾ ഉപ്പുതറയിലെ ശ്രീ ജോസ് ജേക്കബ്ബ് 31/05/2021 തീയതിയിൽ വിരമിച്ച ഒഴിവിൽ ഉണ്ടായതാണ്. സെന്റ് ജോർജസ് ഹയർ സെക്കൻഡറി സ്കൂൾ കട്ടപ്പനയിലെ സൂപ്പർ ന്യൂമററി എച്ച്.എസ്.എസ്.റ്റി (ജൂനിയർ) ഇംഗ്ലീഷ് ശ്രീമതി. ആൻ സോഫിയ ജോസഫ്, സെന്റ് ഫിലോമിനാസ് ഹയർ സെക്കൻഡറി സ്കൂൾ ഉപ്പുതറയിലെ സൂപ്പർ ന്യൂമററി എച്ച് എസ് എസ് റ്റി (ജൂനിയർ) ഇംഗ്ലീഷ്, ശ്രീമതി ഹണി മാത്യൂസ് എന്നിവരെ 01/12/2021 തീയതിയിൽ സെൻ്റ് തോമസ് ഹയർ സെക്കൻഡറി സ്കൂൾ എരുമേലി, സെൻ്റ് ഫിലോമിനാസ് ഹയർ സെക്കൻഡറി സ്കൂൾ ഉപ്പുതറ എന്നിവിടങ്ങളിൽ റഗുലറൈസ് ചെയ്തിട്ടുണ്ട്. 3 ഒഴിവുകളിൽ ബാക്കിയുള്ള ഒരു ഒഴിവ് സെന്റ് മേരീസ് ഹയർ സെക്കൻഡറി സ്കൂൾ മേരികുളത്ത് ആണ്. ടി തസ്തിക 1:3 അനുപാതം പാലിക്കുമ്പോൾ ബൈട്രാൻസ്ഫറിനായി മാറ്റി വയ്ക്കേണ്ടതാണ് എന്ന് കാണുന്നു. എന്നാൽ ടി തസ്തിക സംബന്ധിച്ച കേസ് കോടതിയുടെ പരിഗണനയിലായതിനാലും ടി തസ്തിക അപ്ഗ്രേഡ് ചെയ്തത് മുതൽ ശ്രീമതി ശില്പ ജോയ്-യെ അവിടെ എച്ച്.എസ്.എസ്.റ്റി (ഇംഗ്ലീഷ്) ആയി നിയമിച്ചതിനാലും ടി തസ്തികയിൽ നിയമനം നടത്തിയിട്ടില്ല എന്നും പകരം എച്ച്.എസ്.എസ്.റ്റി (ഹിസ്റ്ററി) തസ്തികയിൽ ബൈട്രാൻസ്ഫർ നിയമനം നടത്തിയെന്നും മാനേജർ അറിയിച്ചിട്ടുള്ളതാണ്. ഇക്കാര്യം കോട്ടയം ആർ ഡി ഡി പരിശോധിച്ച് ശരിയെന്ന് ബോധ്യപ്പെട്ടിട്ടുള്ളതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നിലവിലെ സാഹചര്യം പരിശോധിക്കുമ്പോൾ മാനേജർ സമർപ്പിച്ച സത്യപ്രസ്താവനയിൽ പറയുന്ന പ്രകാരം നിയമനത്തിൽ 1:3 അനുപാതം പാലിച്ചിട്ടുള്ളതായി കാണുന്നു.

ശ്രീമതി. ശിൽപ ജോയ്, ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്തിട്ടുള്ള റിട്ട് ഹർജി (സി) നം. 20739/2024 മേലുള്ള 11/6/2024 ലെ വിധിന്യായത്തിലെ രണ്ടാം ഖണ്ഡികയിൽ ബഹു. കോടതി ഇപ്രകാരം വീക്ഷിച്ചിട്ടുണ്ട്."""" *One of the crucial contentions raised by the learned counsel for the petitioner is that, despite the fact that, in Ext.P16 judgment passed by this Court, a specific direction was issued to the first respondent to consider the representation of the petitioner, taking note of Ext.P15 Government Order, the same has not been referred to in Ext.P17 order now passed. Since this Court has specifically issued a direction to consider the claim of the petitioner, by taking note of Ext. P15, passing an order without any reference to the same is not proper. Therefore, Ext.P17 is to be set aside.*

*In such circumstances, this writ petition is disposed of by quashing Ext.P17*

*and with a direction to the first respondent to reconsider the representation submitted by the petitioner, and take a fresh decision with specific reference to Ext.P15 Government Order. ....""""*

പ്രസ്തുത വിധിന്യായത്തിൽ ഉദ്ധരിച്ചിട്ടുള്ള എക്സിബിറ്റുകൾ ചുവടെ ചേർത്തിട്ടുള്ള പ്രകാരം പരിശോധിച്ചു.

**(i) Ext. P 14** (സ. ഉ (സാധാ) നം. **4870/2018/GEDN** തിയതി. **22/11/2018.**

കോർപ്പറേറ്റ് മാനേജർ ശ്രീമതി. ശിൽപാ ജോയ്-ക്ക് നിയമനം നൽകിയിട്ടുള്ളത് **1/6/2018** മുതലാണ്. എന്നാൽ **22/11/2018** ലെ സ. ഉ (സാധാ) നം.**4870/2018**/പൊവിവ പ്രകാരം പ്രസ്തുത നിയമം അംഗീകരിച്ചു നൽകുന്നതിന് തടസ്സമുണ്ടായി. **8/6/2017** നു ശേഷം നടത്തിയിട്ടുള്ള തസ്തിക നിർണ്ണയവും നിയമനവും സംബന്ധിച്ചുള്ള വ്യവസ്ഥകളാണ് പ്രസ്തുത എക്സിബിറ്റിൽ പ്രതിപാദിക്കുന്നത്. പ്രസ്തുത ഉത്തരവിലെ മറ്റു വ്യവസ്ഥകൾ ഇപ്രകാരമാണ്.

**(a)** ഹയർ സെക്കണ്ടറി സ്കൂളുകളിൽ **08.06.2017** നു ശേഷം പുറപ്പെടുവിക്കുന്ന തസ്തിക നിർണ്ണയ ഉത്തരവുകൾ എല്ലാം **08.06.2017** ലെ സ.ഉ.(കൈ)നം. **47/2017**/പൊ.വി.വ..,, **17.06.2017** ലെ സ.ഉ.(കൈ)നം. **56/2017**/പൊ.വി.വ നമ്പർ സർക്കാർ ഉത്തരവുകളിൽ നിഷ്കർഷിക്കുന്ന പീരീഡുകളുടെ അടിസ്ഥാനത്തിൽ നടത്തേണ്ടതാണ്.

**(b)** മേൽ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ തസ്തിക നിർണ്ണയം നടത്തുമ്പോൾ ഇല്ലാതാകുന്ന തസ്തികയിൽ നിലവിൽ ജോലി ചെയ്യുന്ന അദ്ധ്യാപകർക്ക് വിരമിക്കുന്നതുവരെയോ, അതേ മാനേജെൻ്റിനു കീഴിൽ ഇതേ തസ്തികയിൽ പുതിയ തസ്തിക നിലവിൽ വരുമ്പോൾ മാറ്റി നിയമിക്കപ്പെടുന്നതു വരെയൊ ഏതാണ് ആദ്യം അതുവരെ സൂപ്പർ ന്യൂമററിയായി തുടരാവുന്നതാണ്.

**(c)** ഒന്നിൽ കൂടുതൽ സ്കൂളുകൾ ഉള്ള വിദ്യാഭ്യാസ ഏജൻസികളുടെ നിയന്ത്രണത്തിലുള്ള സ്കൂളുകളിൽ അദ്ധ്യാപകരുടെ ഒഴിവ് വരുമ്പോൾ സ ഉ (കൈ) നം. **398/2002**/പൊവിവ തിയതി **29/11/2002**, സ.ഉ.(കൈ)നം. **47/2017**/പൊ.വി.വ തിയതി. **08.06.2017** പ്രകാരം സൃഷ്ടിക്കപ്പെട്ട തസ്തികകളിൽ തുടർന്നു വരുന്ന അദ്ധ്യാപകരെ സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ മാറ്റി ഒഴിവുണ്ടായ തസ്തികയിലെ വിഷയത്തിനനുസരിച്ച് നിയമിക്കേണ്ടതാണ്. സ ഉ (കൈ) നം. **398/2002**/പൊവിവ തിയതി **29/11/2002** പ്രകാരം സൃഷ്ടിക്കപ്പെട്ട തസ്തികകളിൽ അദ്ധ്യാപകരെ നില നിർത്തി അതേ വിദ്യാഭ്യാസ ഏജൻസികളിലുള്ള സ്കൂളുകളിൽ ഉണ്ടാകുന്ന അതേ വിഷയത്തിലേക്കുള്ള മറ്റ് ഒഴിവുകളിൽ പുതിയ നിയമനങ്ങൾ നടത്തുവാൻ പാടില്ല.

**(d) 08.06.2017**-നു ശേഷം നടത്തിയിട്ടുള്ള തസ്തിക നിർണ്ണയവും, നിയമനങ്ങളും നിയമനാംഗീകാരവും മേൽ ഉത്തരവുകൾക്ക് വിരുദ്ധമായിട്ടുള്ളതാണെങ്കിൽ ബന്ധപ്പെട്ട റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർ ആയത് പുനപരിശോധിക്കേണ്ടതും, നിലവിലെ സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധമായി നിയമനാംഗീകാരം നൽകിയിട്ടുള്ള നിയമനങ്ങൾ റദ്ദ് ചെയ്യേണ്ടതുമാണ്. സർക്കാർ ഉത്തരവിനു വിരുദ്ധമായി നൽകിയ നിയമനാംഗീകാരം രണ്ട് മാസത്തിനകം

സർക്കാരിലേക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

(e) മേൽ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ എല്ലാ എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളിലും തസ്തിക നിർണ്ണയം ബന്ധപ്പെട്ട റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർ മൂന്ന് മാസത്തിനകം പൂർത്തീകരിക്കേണ്ടതാണ്.

ആയതിനാൽ **8/6/2017** നു ശേഷം നടത്തിയിട്ടുള്ള തസ്തിക നിർണ്ണയവും, നിയമനവും സംബന്ധിച്ച വ്യവസ്ഥകൾ **Ext. P 14** (സ. ഉ (സാധാ) നം. **4870/2018/GEDN** തിയതി. **22/11/2018.**- ൽ പ്രതിപാദിച്ചിട്ടുള്ളതാണ്. ടി ഉത്തരവിനു മുൻകാല പ്രാബല്യമില്ല.

**(ii) Ext. P 11** (സ. ഉ (സാധാ) നം. **4743/2019/GEDN** തിയതി. **8/11/2019**

കാഞ്ഞിരപ്പള്ളി രൂപത വിദ്യാഭ്യാസ ഏജൻസിയുടെ കീഴിൽ പ്രവർത്തിക്കുന്ന സെന്റ് ഡോമിനിക്ക് എച്ച്.എസ്.എസ്, കാഞ്ഞിരപ്പള്ളി, സെൻ്റ് ജോർജ്ജ്സ് എച്ച്.എസ്.എസ്, കട്ടപ്പന, സെന്റ് ഫിലോമിനാസ് എച്ച്.എസ്.എസ്, ഉപ്പുതറ എന്നീ ഹയർ സെക്കണ്ടറി സ്കൂളുകളിൽ ഇംഗ്ലീഷ് വിഷയത്തിൽ **6** പീരിയഡുകളിൽ **1** വീതം എച്ച്.എസ്.എസ്.റ്റി (ജൂനിയർ) തസ്തിക ഉള്ളതായും പ്രസ്തുത തസ്തികകളിൽ യഥാക്രമം ശ്രീമതി. ലിജി ആൻറണി, ജൂനിയർ ഹയർ സെക്കണ്ടറി ടീച്ചർ(ഇംഗ്ലീഷ്), ശ്രീമതി ആൻ സോഫിയ ജോസഫ്, ജൂനിയർ ഹയർ സെക്കണ്ടറി ടീച്ചർ (ഇംഗ്ലീഷ്), ശ്രീമതി ഹണി മാത്യു ജൂനിയർ ഹയർ സെക്കണ്ടറി ടീച്ചർ (ഇംഗ്ലീഷ്) എന്നിവർ നിലവിൽ ജോലി ചെയ്തു വരുന്നു. മേൽപ്പറഞ്ഞ **3** ജൂനിയർ ഹയർ സെക്കണ്ടറി ടീച്ചർ( ഇംഗ്ലീഷ്) തസ്തികകൾ ഇല്ലാതാകുന്നതോടെ ടി അദ്ധ്യാപകരെ സൂപ്പർ ന്യൂമററിയായി നില നിർത്തേണ്ടതും മേരികുളം സെൻ്റ്മേരീസ് ഹയർ സെക്കണ്ടറി സ്കൂളിൽ ആറ് പിരിയഡിൽ അധികമുള്ള പുതിയതായി സൃഷ്ടിക്കപ്പെട്ട എച്ച്.എസ്.എസ്.റ്റി ജൂനിയർ(ഇംഗ്ലീഷ്) തസ്തികയിലേക്ക് ഈ പറഞ്ഞ സൂപ്പർ ന്യൂമററി അദ്ധ്യാപകരിൽ സീനിയറായ അദ്ധ്യാപകനെ മേൽ സർക്കാർ ഉത്തരവുകൾ പ്രകാരം മാറ്റി നിയമിക്കേണ്ടതിനു പകരം സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി പുതിയ തസ്തികയിലേക്ക് ശ്രീമതി ശിൽപ്പാ ജോയിയെ മാനേജർ നേരിട്ട് നിയമിച്ചു. മേൽ സാഹചര്യത്തിൽ സൂപ്പർ ന്യൂമററി തസ്തികയിൽ നിയമനാംഗീകാരത്തിനായി അദ്ധ്യാപകർ കാത്തിരിക്കുമ്പോൾ പുതുതായി അനുവദിച്ച എച്ച്.എസ്.എസ്.റ്റി ജൂനിയർ (ഇംഗ്ലീഷ്) തസ്തികയിൽ ടി അദ്ധ്യാപകരിൽ നിന്നും സീനിയോറിറ്റി അടിസ്ഥാനത്തിൽ ഒരാളെ നിയമിക്കുന്നതിനു പകരം ശ്രീമതി ശിൽപ്പാ ജോയിയെ നേരിട്ട് നിയമിച്ച മാനേജരുടെ നടപടി ക്രമവിരുദ്ധമാകയാൽ, നിയമനാംഗീകാര അപേക്ഷ കോട്ടയം ഹയർ സെക്കണ്ടറി ഉപമേഖലാ മേധാവി നിരസിച്ചു. ടി നടപടിക്രമം ശരിവച്ചുകൊണ്ട് ശ്രീമതി. ശിൽപ്പ ജോയി സമർപ്പിച്ച റിവ്യൂ പെറ്റീഷൻ നിരസിച്ചു ഉത്തരവായി. കൂടാതെ ടി കോർപ്പറേറ്റ് മാനേജെൻ്റിന്റെ കീഴിലുള്ള സ്കൂളുകളിൽ എച്ച്.എസ്.എസ്.റ്റി ജൂനിയർ (ഇംഗ്ലീഷ് )തസ്തികയിൽ സൂപ്പർ ന്യൂമററിയായി തുടരുന്ന അദ്ധ്യാപകരുണ്ടോ എന്ന് പരിശോധിക്കുന്നതിനും, ടി മാനേജെൻ്റിനു കീഴിലുള്ള സ്കൂളുകളിൽ എച്ച്.എസ്.എസ്.റ്റി /എച്ച്.എസ്.എസ്.റ്റി ജൂനിയർ (ഇംഗ്ലീഷ്) തസ്തിക നിർണ്ണയം പൂർത്തിയാക്കി അർഹതയുടെ അടിസ്ഥാനത്തിൽ

ശ്രീമതി ശിൽപാ ജോയിക്ക് നിയമനാംഗീകാരം നൽകുന്ന വിഷയം പുന.പരിശോധിച്ച് ആവശ്യമായ പ്രോപ്പോസൽ സമർപ്പിക്കുന്നതിന് ഹയർ സെക്കണ്ടറി കോട്ടയം ഉപമേഖലാ മേധാവിയ്ക്ക് നിർദ്ദേശം നൽകിക്കൊണ്ടും ഉത്തരവായിരുന്നു.

സൂപ്പർ ന്യൂമററി തസ്തികയിൽ നിയമനാംഗീകാരത്തിനായി അദ്ധ്യാപകർ കാത്തിരിക്കുമ്പോൾ പുതുതായി അനുവദിച്ച എച്ച്.എസ്.എസ്.റ്റി ജൂനിയർ (ഇംഗ്ലീഷ്) തസ്തികയിൽ ടി അദ്ധ്യാപകരിൽ നിന്നും സീനിയോറിറ്റി അടിസ്ഥാനത്തിൽ ഒരാളെ നിയമിക്കുന്നതിനു പകരം, ശ്രീമതി ശിൽപ്പാ ജോയിയെ നേരിട്ട് നിയമിച്ച മാനേജരുടെ നടപടി ക്രമവിരുദ്ധമായതിനാൽ പ്രസ്തുത നിയമനാംഗീകാര അപേക്ഷ നിരസിച്ചു നൽകിയ നടപടി ക്രമപ്രകാരമാണ്.

**(iii) Ext P 15** -സ ഉ (സാധാ) നം. **6981/2022/GEDN** തിയതി. **18/11/2022** (ശ്രീമതി.ജൂഡിത്ത് ജോർജ്ജിൻ്റെ നിയമനാംഗീകാരം പുന.പരിശോധിച്ചു നൽകിയ ഉത്തരവ്) (എക്സിബിറ്റ് പി 15)

**08.06.2017** ലെ സ.ഉ.(കൈ)നം. **47/2017**/പൊ.വി.വ. ലെയും., **22.11.2018** ലെ സ. ഉ (സാധാ) നം. **4870/2018**/പൊവിവ (പേജ്-**106**) ലെയും നിർദ്ദേശങ്ങൾ സംയുക്തമായി വിശകലനം ചെയ്തശേഷം, **22.11.2018** ഉത്തരവിലെ (ഡി) പാർട്ടിൽ പരാമർശിക്കുന്ന പ്രകാരം, **08.06.2017** നു ശേഷം നടത്തിയിട്ടുള്ള തസ്തിക നിർണ്ണയവും, പ്രസ്തുത നിർണ്ണയത്തിലൂടെ അനുവദിക്കപ്പെട്ട തസ്തികകളിലുള്ള നിയമനങ്ങളും നിയമനാംഗീകാരവും പരാമർശിത ഉത്തരവുകൾക്ക് വിരുദ്ധമായിട്ടുള്ളതാണെങ്കിൽ ബന്ധപ്പെട്ട റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർ ആയത് പുനഃപരിശോധി ക്കേണ്ടതാണ് എന്നുള്ളതാണ്. പരാമർശ വിഷയത്തിലെ സ്കൂളിന്റെ കാര്യത്തിൽ, **2016-17, 2017-18** വർഷങ്ങളിലെ തസ്തിക നിർണ്ണയ പ്രകാരം എച്ച്.എസ്.എസ്റ്റി (ജൂനിയർ) (ഇംഗ്ലീഷ്) തസ്തിക ടി സ്കൂളിൽ നിലനിൽക്കുന്നുണ്ടെന്ന് മേഖലാ ഉപമേധാവി റിപ്പോർട്ടു ചെയ്തിട്ടുണ്ട്. **16.02.2018** ലെ സ്റ്റാഫ് ഫിക്സേഷൻ ഉത്തരവ് **21.06.2019** -ൽ മോഡിഫൈ ചെയ്യുകയും, ടി ഇംഗ്ലീഷ് (ജൂനിയർ) തസ്തിക റദ്ദാക്കുകയും ചെയ്തു. പ്രസ്തുത സ്കൂളിൽ **08.06.2017** ലെ ഉത്തരവ് അടിസ്ഥാനമാക്കി, **06.2019**-ൽ സ്റ്റാഫ് ഫിക്സേഷൻ ഉത്തരവ് പരിഷ്കരിച്ച് പുതുക്കിയ ഉത്തരവ് പുറത്തിറങ്ങുന്നതുവരെ തുടർന്നുവന്ന തസ്തികയിൽ ഒഴിവു വന്നപ്പോഴാണ് ശ്രീമതി. ജൂഡിത്ത് ജോർജ്ജിൻ്റെ **29.06.2017** മുതലുള്ള നിയമനം മാനേജർ നടത്തിയിട്ടുള്ളത്. വകുപ്പധികൃതർ സ്റ്റാഫ് ഫിക്സേഷൻ നടത്തി അനുവദിച്ച തസ്തികയിൽ ഒഴിവു വരുമ്പോൾ മാനേജർ നിയമനം നടത്തുന്നത് തടയുന്നത് നിയമാനുസൃതമല്ല. ആയതിനാൽ ഈ നിയമനം ക്രമപ്രകാരമായിരുന്നു എന്നും അതുകൊണ്ടു മാത്രമാണ് സർക്കാർ നോമിനി ഉൾപ്പെടുന്ന കമ്മറ്റി പ്രസ്തുത ഒഴിവ് നികത്താനായി തിരഞ്ഞെടുപ്പ് നടത്തിയതെന്നും, മാത്രമല്ല, നിലവിലിരുന്ന സാഹചര്യങ്ങൾ അനുവദിച്ചതുകൊണ്ടാണ് മേഖലാ ഉപമേധാവി പ്രസ്തുത നിയമനത്തിന് അംഗീകാരം നൽകിയതെന്നും കാണുന്നു. അപ്രകാരം ശ്രീമതി ജൂഡിത്ത് ജോർജ്ജിന്റെ **29.06.2017** മുതലുള്ള നിയമനം റദ്ദാക്കിയത് അനൗചിത്യമാണെന്ന്

സർക്കാർ വിലയിരുത്തി.

**22.11.2018** ലെ സ.ഉ.(സാധാ)നം. **4870/2018**/പൊ.വി.വ.(ഇ) പാർട്ട് പ്രകാരം, **08.06.2017** ലെ പുതുക്കിയ മാനദണ്ഡങ്ങൾക്ക് അനുസൃതമായി സംസ്ഥാനത്തെ ഹയർ സെക്കൻററി സ്കൂളുകളിൽ തസ്തികനിർണ്ണയം പൂർത്തിയാക്കുന്നതിന് ഉപമേധാവിമാർക്ക് **22.11.2018** മുതൽ **3** മാസം സമയം നൽകപ്പെട്ടിരുന്നു. അതായത്, പൂർണ്ണമായ നിലയിൽ ഓരോ സ്കൂളിലും നിലനിൽക്കുന്ന/നഷ്ടപ്പെടുന്ന തസ്തികകളുടെ ഔദ്യോഗിക പ്രഖ്യാപനം **22.11.2018** മുതൽ **3** മാസത്തിനകം മാത്രമേ ഉണ്ടാകാൻ നിർവ്വാഹമുള്ളൂ. അതുവരെ മൂൻ വർഷം അനുവദിക്കപ്പെട്ടിരുന്ന തസ്തികയിൽ ഒഴിവു വരുമ്പോൾ ആയത് മാനേജർ നികത്തുന്നത് തടയാനാകില്ലെന്ന വസ്തുത കൂടി കണക്കിലെടുത്താണ് **22.11.2018** ലെ സ.ഉ.(സാധാ)നം.**4870/2018**/പൊ.വി.വ ലെ പാർട്ട് (ബി), (സി) എന്നിവിടങ്ങളിലുള്ള നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരിക്കുന്നത്.

**22.11.2018** ലെ സ.ഉ.(സാധാ)നം. **4870/2018**/പൊ.വി.വ ഉത്തരവിന് മുൻകാല പ്രാബല്യമില്ല. അതുകൊണ്ട്, ശ്രീമതി. ജൂഡിത്ത് ജോർജിന്റെ **29.06.2017** ലെ നിയമനം **22.11.2018**ലെ സ.ഉ.(സാധാ)നം.**4870/2018**/പൊ.വി.വ ബാധകമാക്കികൊണ്ട് ടിയാൾക്ക് നിയമനാംഗീകാരം പുന.സ്ഥാപിച്ചു നൽകുന്നതിനാണ് എക്സിബിറ്റ് പി **15** പ്രകാരം ഉത്തരവായത്.

ശ്രീമതി. ജൂഡിത്ത് ജോർജിന്റെയും ശ്രീമതി. ശിൽപ്പാ ജോയ്-യുടേയും നിയമനങ്ങൾ നടന്നത് **8/6/2017** നു ശേഷമാണെങ്കിലും, വ്യസ്ഥാപിതമായ ഒഴിവിൽ നിയമിതയായ ശ്രീമതി. ജൂഡിയത്ത് ജോർജ്ജിന്റെ നിയമനാംഗീകാരം കോട്ടയം ആർ ഡി ഡി റദ്ദ് ചെയ്തതിനാലാണ് ബഹു. കോടതി ഉത്തരവുപ്രകാരം നിയമനാംഗീകാരം പുന.സ്ഥാപിച്ചുനൽകുന്നതിന് പരാമർശം (3) പ്രകാരം സർക്കാർ ഉത്തരവായത്. എന്നാൽ ശ്രീമതി. ശിൽപ്പാ ജോയ്-ക്ക് നിയമനാംഗീകാരം നൽകുന്നതിനാവശ്യമായ വ്യവസ്ഥാപിതമായ ഒഴിവ് ഇല്ലാതിരുന്നു. ആയതിനാൽ **1/6/2018** മുതലുള്ള ടിയാളുടെ നിയമനത്തിന് അംഗീകാരം നൽകുന്നതിന് ശ്രീമതി. ജൂഡിയത്ത് ജോർജിന് മാത്രം ബാധകമാക്കി കൊണ്ട് പുറപ്പെടുവിച്ചിട്ടുള്ള പരാമർശം (3) ഉത്തരവ് ഈ കേസ്സിൽ ബാധകമാക്കാൻ കഴിയില്ല. കൂടാതെ തസ്തിക ലഭ്യമല്ലാത്തതിനാൽ, ബഹു. കോടതി പരാമർശിച്ചിട്ടുള്ള പരാമർശം (3) പ്രകാരം ശ്രീമതി. ശിൽപാ ജോയ്-ക്ക് **1/6/2018** മുതൽ നിയമനാംഗീകാരം നൽകുന്നതിനും സാധിക്കുമായിരുന്നില്ല. ശ്രീമതി. ശിൽപാ ജോയ്-ടെ കേസ്സിന് ഇതേ സാഹചര്യം ഇല്ല.

**(iv) Ext P 16 Judgment in WP(C) 26305/2020 dated /14/8/2023**

വിധിന്യായം പ്രസക്ത ഭാഗം ഇപ്രകാരമാണ് "" *....Government order (Rt) No. 6981/2022/GEDN dated, 18/11/2022 (എക്സിബിറ്റ് പി 15) clarifies that GO (Rt) No. 4870/2018/GEDN dated 22/11/2018 will have an application only to appointments made after 22/11/2018. Hence the issue requires a reconsideration at the hands of the Government. Government order (Rt) No. 4743/2019/ GEDN dated, 8/11/2019 is there fore set aside. And directed the Government to take up the*

***claim of the petitioner for approval of appointment as HSST from 1/6/2018 and to consider and pass orders on the same, taking noti*****ce of Government order (Rt) No. 6981/2022/GEDN dated, 18/11/2022 also....."**

മേൽ വിധിന്യായം പാലിച്ചുകൊണ്ട് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവാണ് സ. ഉ (സാധാ) നം. **7963/2023/GEDN** തിയതി. **14/1/2023- (Ext P17). 22-11-18**-ലെ സ. ഉ (സാധാ) നം. **4870/18**/പൊ.വി.വ പ്രകാരം **3** ജൂനിയർ ഹയർ സെക്കൻ്ററി ടീച്ചർ (ഇംഗ്ലീഷ്) തസ്തികകൾ ഇല്ലാതാകുന്നതോടുകൂടി, ടി അധ്യാപകരെ സൂപ്പർ ന്യൂമററിയായി നിലനിർത്തേണ്ടതാണ്. എന്നാൽ സൂപ്പർ ന്യൂമററി അധ്യാപകരിൽ സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ സീനിയറായ അധ്യാപകരെ സർക്കാർ ഉത്തരവ് പ്രകാരം മാറ്റി നിയമിക്കേണ്ടതിനു പകരം സർക്കാർ നിർദ്ദേശത്തിനു വിരുദ്ധമായി പുതിയ തസ്തികയിലേക്കാണ് മാനേജർ നേരിട്ട് നിയമനം നടത്തിയിട്ടുള്ളത്. ആയതിനാലാണ് **EXT P 15** സ. ഉ (സാധാ) നം. **6981/2022/GEDN** തിയതി **18/11/2022** പ്രകാരമുള്ള ഉത്തരവിന്റെ വെളിച്ചത്തിൽ ശ്രീമതി. ശിൽപാ ജോയ്-യുടെ **1/6/2018** മുതലുള്ള നിയമനം അംഗീകരിച്ചു നൽകുവാൻ സാധിക്കാതെ വന്നത്.

**(v) Ext P17** (സ. ഉ (സാധാ) നം. **7963/2023/GEDN** തിയതി. **14/1/2023**

ഹയർ സെക്കന്ററി സ്ക്കൂളുകളിലെ തസ്തിക നിർണ്ണയം നടത്തുമ്പോൾ ആറോ അതിൽ താഴെയുള്ള പീരിയഡുകൾ പ്രകാരം ഇല്ലാതാകുന്ന തസ്തികയിൽ നിലവിൽ ജോലി ചെയ്യുന്ന അധ്യാപകർക്ക് വിരമിക്കുന്നതു വരെയോ, അതേ മാനേജെന്റിനു കീഴിൽ ഇതേ തസ്തികയിൽ പുതിയ തസ്തിക നിലവിൽ വരുമ്പോൾ മാറ്റി നിയമിക്കപ്പെടുന്നതു വരെയോ ഏതാണ് ആദ്യം, അതുവരെ സൂപ്പർ ന്യൂമററിയായി തുടരാവുന്നതാണെന്ന് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. തസ്തിക നിർണ്ണയ ഉത്തരവ് പ്രകാരം കാഞ്ഞിരപ്പള്ളി രൂപത വിദ്യാഭ്യാസ ഏജൻസിയുടെ കീഴിൽ പ്രവർത്തിക്കുന്ന ഹയർ സെക്കൻ്ററി സ്ക്കൂളുകളിൽ ഇംഗ്ലീഷ് വിഷയത്തിൽ **6** പീരിയഡുകളിൽ **1** വീതം എച്ച്.എസ്.എസ്.റ്റി (ജൂനിയർ) തസ്തിക ഉള്ളതായും പ്രസ്തുത തസ്തികകളിൽ നിലവിൽ **3** അധ്യാപകർ ജോലി ചെയ്തു വരുന്നതായും മാനേജർ അറിയിച്ചിട്ടുണ്ട്. **22-11-18**-ലെ സ. ഉ (സാധാ) നം. **4870/18**/പൊ.വി.വ പ്രകാരം മേൽ പ്പറഞ്ഞ **3** ജൂനിയർ സെക്കൻ്ററി ടീച്ചർ (ഇംഗ്ലീഷ്) തസ്തികകൾ ഇല്ലാതാകുന്നതോടുകൂടി ടി അധ്യാപകരെ സൂപ്പർ ന്യൂമററിയായി നിലനിർത്തേണ്ടതും മേരികുളം സെന്റ്. മേരീസ് ഹയർ സെക്കൻ്ററി സ്ക്കൂളിൽ ആറ് പീരിയഡിൽ അധികമുള്ള പുതിയതായി സൃഷ്ടിക്കപ്പെട്ട എച്ച്.എസ്.എസ്.ടി (ജൂനിയർ)/എച്ച്.എസ്.എസ്.റ്റി (ഇംഗ്ലീഷ്) തസ്തികയിലേക്ക് ഈ പറഞ്ഞ സൂപ്പർ ന്യൂമററി അധ്യാപകരിൽ സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ സീനിയറായ അധ്യാപകരെ മേൽ സർക്കാർ ഉത്തരവുകൾ പ്രകാരം മാറ്റി നിയമിക്കേണ്ടതിനു പകരം സർക്കാർ നിർദ്ദേശത്തിനു വിരുദ്ധമായി പുതിയ തസ്തികയിലേക്കാണ് മാനേജർ നേരിട്ട് നിയമനം നടത്തിയിട്ടുള്ളത്. ഈ സാഹചര്യത്തിലാണ് തസ്തിക ലഭ്യമല്ലാത്തതിനാൽ എച്ച്.എസ്.എസ്.ടി (ജൂനിയർ) തസ്തികയിൽ **1/6/018** മുതൽ നിയമനം ആവശ്യപ്പെട്ടുകൊണ്ട് മേരികുളം സെൻ്റ്

മേരീസ് എച് എസ് എസ്സിലെ എച്ച്.എസ്.എസ്.ടി ജൂനിയർ (ഇംഗ്ലീഷ്) ശ്രീമതി. ശിൽപ്പ ജോയ് സമർപ്പിച്ച ഹർജി നിരസിച്ചുകൊണ്ട് Ext P17 (സ. ഉ (സാധാ) നം. 7963/2023/GEDN തിയതി. 14/12/2023 പുറപ്പെടുവിച്ചിട്ടുള്ളത്.

സൂപ്പർ ന്യൂമററി തസ്തികയിൽ നിയമനാംഗീകാരത്തിനായി അദ്ധ്യാപകർ കാത്തിരിക്കുമ്പോൾ പുതുതായി അനുവദിച്ച എച്ച്.എസ്.എസ്.റ്റി ജൂനിയർ (ഇംഗ്ലീഷ്) തസ്തികയിൽ ടി അദ്ധ്യാപകരിൽ നിന്നും സീനിയോറിറ്റി അടിസ്ഥാനത്തിൽ ഒരാളെ നിയമിക്കുന്നതിനു പകരം, ശ്രീമതി ശിൽപ്പാ ജോയിയെ നേരിട്ട് നിയമിച്ച മാനേജരുടെ നടപടി തെറ്റായതിനാൽ പ്രസ്തുത നിയമനാംഗീകാര അപേക്ഷ നിരസിച്ചു നൽകിയിരുന്നു. അത് ക്രമപ്രകാരമാണ്.എക്സിബിറ്റ് പി 15 ൽ പരാമർശിച്ചിട്ടുള്ള ശ്രീമതി. ജൂഡിയത്ത് ജോർജ്ജിന് 29/6/2017 ന് മാനേജർ നിയമനം നൽകിയിട്ടുണ്ട്. ടിയാൾക്ക് പ്രസ്തുത തീയതിയിൽ നിയമനാംഗീകാരം ലഭിച്ചിട്ടുമുണ്ട്.

അതേ സമയം, 1/12/2021 മുതൽ കോർപ്പറേറ്റ് മാനേജ്മെന്റിന്റെ കീഴിൽ എച് എസ് എസ് ടി തസ്തിക ലഭ്യമാണെന്നുള്ള മാനേജരുടെ കത്തിന്റേയും, വിദ്യാഭ്യാസ ഓഫീസറുടെ റിപ്പോർട്ടുകളുടെയും അടിസ്ഥാനത്തിൽ പരിശോധിച്ചതിൽ നിന്നും ശ്രീമതി. ശിൽപാ ജോയ്-ക്ക് 1/12/2021 മുതൽ എച് എസ് എസ് ടി തസ്തികയിൽ നിയമനാംഗീകാരം നൽകുന്നതിന് തടസ്സമില്ല എന്ന് കോട്ടയം ആർ ഡി ഡി അറിയിച്ചിട്ടുണ്ട്.

(6) കാഞ്ഞിരപ്പള്ളി രൂപതാ കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസിയുടെ കീഴിൽ 2020-21 വർഷത്തിൽ ഏഴും 2021-22 വർഷത്തിൽ നാലും എച്ച്.എസ്.എസ്.റ്റി തസ്തികകളാണ് ഒഴിവ് വന്നത്. രണ്ടു വർഷത്തെ ഒഴിവുകൾ ഒന്നിച്ചു പരിഗണിച്ചു 11 ഒഴിവുകളിൽ 7 ഒഴിവുകൾ എച്ച്.എസ്.എസ്.റ്റി (ജൂനിയർ) തസ്തികയിൽ നിന്ന് തസ്തികമാറ്റം മുഖേന നികത്തി, രണ്ടു ഒഴിവുകളിൽ എച്ച്.എസ്.എസ്.റ്റി (ജൂനിയർ) ഇംഗ്ലീഷ് - Supernumerary അധ്യാപകരെ റഗുലറൈസ് ചെയ്തിട്ടുള്ളതാണ്. ശേഷിക്കുന്ന രണ്ടു ഒഴിവുകളിൽ ആദ്യത്തേത് എച്ച്.എസ്.എസ്.റ്റി (ഹിസ്റ്ററി) ബൈട്രാൻസ്ഫർ മുഖേന നികത്തുകയും ഒരെണ്ണത്തിൽ നേരിട്ടുള്ള നിയമനം നടത്തുകയും ചെയ്തു.

(7) ഇപ്രകാരം 2020-21, 2021-22 വർഷങ്ങളിൽ ഉണ്ടായ ഒഴിവുകളിലെ എച്ച്.എസ്.എസ്.റ്റി നിയമനങ്ങളിൽ 1:3 റേഷ്യോ പാലിച്ചിട്ടുണ്ട് എന്ന് കാണുന്നതിനാൽ, മേരിക്കുളം സെൻ്റ് മേരീസ് ഹയർ സെക്കൻഡറി സ്കൂളിൽ എച്ച്.എസ്.എസ്.റ്റി (ഇംഗ്ലീഷ്) തസ്തികയിൽ നിയമിക്കപ്പെട്ട ഹർജിക്കാരിയായ ശ്രീമതി. ശില്പ ജോയ്-യുടെ നിയമനത്തിന് മാനുഷിക പരിഗണന നൽകികൊണ്ട് വീണ്ടും സെലക്ഷൻ കമ്മിറ്റി കൂടി തെരഞ്ഞെടുക്കണമെന്ന വ്യവസ്ഥക്ക് ഇളവ് നൽകിയും, ഇതൊരു സ്പെഷ്യൽ കേസ്സായി പരിഗണിച്ചുകൊണ്ട് മറ്റൊരു സെലക്ഷൻ കമ്മിറ്റി കൂടാതെയും, ഭിന്നശേഷി സംവരണം പാലിച്ചുകൊണ്ടും, മറ്റു വിധത്തിൽ ക്രമപ്രകാരമെങ്കിൽ 01-12-2021 തിയതി മുതൽ എച് എസ് എസ് ടി (ഇംഗ്ലീഷ്) തസ്തികയിലെ ടിയാളുടെ നിയമനം അംഗീകരിച്ചു നൽകുന്നതിനുള്ള നിർദ്ദേശം കോട്ടയം ആർ ഡി ഡി യ്ക്ക് നൽകികൊണ്ട്, ടിയാൾ ഫയൽ ചെയ്തിട്ടുള്ള

റിട്ട് ഹർജി (സി) നം. **20739/2024** നമ്പർ കേസ്സിന്മേലുള്ള **11/06/2024** ലെ വിധിന്യായം പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
റ്റി.മേയോ ഭാസ്ക്കർ
ഡെപ്യൂട്ടി സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം)
പൊതുവിദ്യാഭ്യാസ ഡയറക്ടർ, ഹയർ സെക്കന്ററി വിഭാഗം, തിരുവനന്തപുരം
മേഖലാ ഉപമേധാവി, ഹയർ സെക്കന്ററി വിദ്യാഭ്യാസം, കോട്ടയം
കോർപ്പറേറ്റ് മാനേജർ, കാഞ്ഞിരപ്പള്ളി രൂപത, പാസ്റ്ററൽ സെന്റർ, കാഞ്ഞിരപ്പള്ളി, കോട്ടയം ജില്ല
ശ്രീമതി. ശിൽപ്പ ജോയ്, എച് എസ് എസ് ടി (ഇംഗ്ലീഷ്), സെന്റ് മേരീസ് എച് എസ് എസ്, മേരികുളം, ഇടുക്കി ജില്ല.
ഇൻഫർമേഷൻ & പബ്ലിക്ക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Asha Rani M സെക്ഷൻ ഓഫീസർ
Date: 28-03-2025 10:58:34